**JAN : 19**

# KGBEU OU ബുള്ളറ്റിൻ 6/2023

സഖാക്കളെ,

## വിഷയം: അഖിലേന്ത്യാ ബാങ്ക് പണിമുടക്കം

UFBU ആഭിമുഖ്യത്തിൽ ജനുവരി 30, 31 തീയതികളിൽ അഖിലേന്ത്യാ ബാങ്ക് പണിമുടക്കം നടക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങൾ ഉന്നയിച്ചു കൊണ്ട് നടക്കുന്ന ഈ പണിമുടക്ക് സമരം വിജയിപ്പിക്കേത് ബാങ്ക് ജീവനക്കാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ സമരത്തിന്റെ നോട്ടീസ് UFBU കൊടുത്തിരിക്കുന്നത് IBA ക്കാണ്. അതിനാൽ നോട്ടീസ് ഗ്രാമീണ ബാങ്ക് ജീവനക്കാരുടെ സംഘടനകൾക്ക് ബാധകമാവില്ല. ഉന്നയിച്ച ആവശ്യങ്ങളെല്ലാം നമുക്കും ബാധകമായവയാണ്. ഇത്തരം അവസരങ്ങളിൽ DFS നും നോട്ടീസ് നൽകണമെന്നും ഗ്രാമീണ ബാങ്ക് ജീവനക്കാരിൽ 75% ജീവനക്കാരെ പ്രതിനിധീകരിക്കുന്ന AIRRBEA യെ പങ്കാളിയാക്കണമെന്നും നാം ആവശ്യപ്പെടാറുങ്കിലും UFBU ഇത് വരെ അംഗീകരിച്ചിട്ടില്ല. നോട്ടീസ് ഇല്ലാതെ സമരം ചെയ്യാൻ കഴിയില്ല എന്നതിനാൽ പണിമുടക്കിന് പുറത്ത് നിന്നും പിന്തുണ നൽകാനാണ് AIRRBEA തീരുമാനിച്ചിരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ നമ്മുടെ സംഘടന AIRRBEA തീരുമാനത്തിനൊപ്പം മുന്നോട്ട് പോകാനാണ് തീരുമാനിക്കുന്നത്. പണിമുടക്കുന്നില്ലെങ്കിലും ഉന്നയിക്കപ്പെട്ട ആവശ്യങ്ങളെല്ലാം പരമപ്രധാനമായതിനാൽ പണിമുടക്കുമായി ബന്ധപ്പെട്ട എല്ലാ പ്രചാരണ പരിപാടികളിലും സഖാക്കൾ സജീവമായി പങ്കെടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)